**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 628 — 11.6.2013-ലെ മറുപടിയ്ക്ക്

## ചാത്തന്നൂരിലെ ചിറക്കരയിൽ കിൻഫ്രാ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതിലേക്ക് ഭൂമി ഏറ്റെടുക്കുവാനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | എ) കൊല്ലം ജില്ലയിലെ ചിറക്കരയിൽ 95.47 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാ പത്രം ജില്ലാ കളക്ടർ മുമ്പാകെ കിൻഫ്ര സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഭൂമി ഏറ്റെടുക്കുന്ന ആവശ്യത്തിലേക്കായി സ്വകാര്യ വ്യക്തികളുടെ ഭൂമി അളന്ന് കല്ല് & ഇട്ട് ശേഷം വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ് എന്നറിയിക്കുമോ;<br>(സി) പ്രസ്തുത നടപടിമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്ന നടപടിയിൽ നിന്നും പിന്മാറിയോ; എങ്കിൽ ആയത് പൊതുജനത്തെ അറിയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി), സി) ഡി) ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 45 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത ഭൂമി കേരള നെൽ-വയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽ-വയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കര ഭൂമി പല ഭാഗങ്ങളിലായി ചിതറികിടക്കുന്ന അവസ്ഥയിലാണ്. അത്തരത്തിൽ തുണ്ടുതുണ്ടായി ചിതറികിടക്കുന്ന ഭൂമിയിൽ ഫലപ്രദമായ രീതിയിൽ ഒരു വ്യവസായപാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമായതിനാൽ മേൽപ്പറഞ്ഞ 45 ഏക്കർ ഭൂമി നെൽ-വയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനായി പ്രാദേശിക സമിതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രാദേശിക സമിതിയുടെ തീരുമാനത്തിന്റെയും, ബന്ധപ്പെട്ട ഹൈപവർ കമ്മിറ്റിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമെ മേൽ നടപടി സ്വീകരിക്കുവാൻ കഴിയൂ. ലാന്റ് അക്വിസിഷൻ നിയമ പ്രകാരമുള്ള വിജ്ഞാപനങ്ങളോ നോട്ടിസുകളോ ഭൂഉടമകൾക്ക് ഇതുവരെ നൽകിയിട്ടില്ല. അതിനാൽ ഇതു സംബന്ധിച്ച എന്തെങ്കിലും അറിയിപ്പുകൾ പൊതുജനങ്ങൾക്ക് നൽകേണ്ടതില്ല. |

Helen Keerk

സെക്ഷൻ ഓഫീസർ